# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5650 29/07/2015-ൽ മറുപടിയ്ക്ക്**

**വൈക്കം മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം**

**ചോദ്യം**

ശ്രീ. കെ. അജിത്:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വൈക്കം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകി.

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|
| കുടിവെള്ളം | 98.00 |
| വൈദ്യുതീകരണം | 42.09 |
| ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ( 2 എണ്ണം) | 16.00 |
| പബ്ലിക് ടോയ്ലറ്റ് | 24.00 |
| ജീവനോപാധി സഹായം | 18.00 |

2) ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ 162.24 ലക്ഷം രൂപ അടങ്കൽ തുകയിൽ വൈക്കം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകി പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് മാർക്കറ്റ് ഉദ്ഘാടനം ചെയ്തു കഴിഞ്ഞു.

(ബി) പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എത്ര റോഡുകൾ അനുവദിച്ചു എന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

(ബി) മത്സ്യതൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 18 റോഡുകൾ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി 828.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 195.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പൂർത്തീകരിച്ച പ്രവൃത്തികൾ**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| 1 | മാട്ടുങ്കൽ മട്ടപ്പള്ളി റോഡ് | 27.00 |

| | | |
|---|---|---|
| 2 | കോട്ടച്ചിറമുക്കിൽ റോഡ് നിർമ്മാണം | 21.00 |
| 3 | കാട്ടിൽക്കുന്ന് - പാലക്കരി ഫിഷ് ഫാം റോഡ് | 46.00 |
| 4 | നക്കംതുരുത്ത് എരുമ്പുഴിക്കര റോഡിന്റെ നിർമ്മാണം | 21.00 |
| 5 | ചെമ്പനാകരി - ഓൾഡ് ജെട്ടി - കുളങ്ങര റോഡ് | 24.00 |
| 6 | ചാത്തനാട് - തറവട്ടം റോഡ് | 37.00 |

**പുരോഗമിച്ചു വരുന്ന പ്രവൃത്തികൾ**

| | | |
|---|---|---|
| 1 | മടത്തിൽപറമ്പ് - കരിയാർ റോഡ് വാർഡ് നം.13 | 14.00 |
| 2 | പ്ലാക്കോട്ടം - മാട്ടുങ്കൽ റോഡ് - വാർഡ് നം.12 | 58.00 |
| 3 | പടിക്കൽക്കുളം - കൊച്ചുപറമ്പ് - മൂഴിക്കോട് റോഡിന്റെ നിർമ്മാണം | 40.00 |
| 4 | ജെട്ടി - കണവള്ളി - പുത്തൻതറ റോഡിന്റെ നിർമ്മാണം | 43.00 |
| 5 | ചെമ്പിലരയൻ - തൈലം പറമ്പ് റോഡ് | 36.5 |
| 6 | അംബികാമാർക്കറ്റ് - സാമിക്കല്ല് റോഡിന്റെ നിർമ്മാണം | 88.00 |
| 7 | ചെമ്പു ഗ്രമപഞ്ചായത്തിൽ പാലക്കരി ഫിഷ് ഫാം ചെമ്പുവാലേൽ റോഡ് | 41.00 |

**ഏർപ്പാടാക്കാനുള്ള പ്രവൃത്തികൾ**

| | | |
|---|---|---|
| 1 | പ്രിയദർശിനി - മൂളങ്കരി റോഡ് | 80.00 |
| 2 | പഴത്തു വെളി - പട്ടശ്ശേരി റോഡ് | 92.00 |
| 3 | ചെമ്പങ്ങാടി - ചെമ്പകശ്ശേരി റോഡ് | 92.00 |
| 4 | പുത്തൻതറ കാനംപറമ്പ് റോഡ് | 19.00 |
| 5 | കുളത്തിത്തറ കണ്ടത്തിത്തറ റോഡ് | 49.00 |

**സെക്ഷൻ ആഫീസർ**